Break the chain

# കേരളസർവകലാശാല

നം.പി.ആർ.160/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2021
### ഓൺലൈൻ അപേക്ഷ അവസാന തീയതി ആഗസ്റ്റ് 17

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 17 ന് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ആഗസ്റ്റ് 17 ന് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രോഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്ട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ആഗസ്റ്റ് 17 ന് സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

ഓൺലൈൻ അപേക്ഷ പ്രിന്റൗട്ടിന്റെ പകർപ്പുകൾ ഒന്നും തന്നെ കോളേജിലേക്കോ സർവകലാശാലയിലേക്കോ അയക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് **8281883052, 82281883053, 91885246010** (വാട്സാപ്പ് മാത്രം) എന്നീ ഫോൺ നമ്പറുകളിലോ onlineadmission@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡി. യിലോ സർവകലാശാലയുമായി ബന്ധപ്പെടുക.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ജൂലൈ 5ന് പ്രസിദ്ധീകരിച്ച മൂന്നാം സെമസ്റ്റർ എം.എഡ്സ് (2018 സ്കീം റെഗുലർ ആൻഡ് സപ്ലിമെന്ററി, 2015 സ്കീം സപ്ലിമെന്ററി) ഒക്ടോബർ 2020 ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 2 വരെ അപേക്ഷിക്കാവുന്നതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി പരീക്ഷകൾ (2011-2012 അഡ്മിഷന് മുൻപുള്ളത് - ഫൈനൽ മേഴ്സി ചാൻസ്/ സപ്ലിമെന്ററി യഥാക്രമം 2021 ആഗസ്റ്റ് 31, സെപ്റ്റംബർ 16 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

കേരളസർവകലാശാല 2020 ഡിസംബർ മാസം നടത്തിയ ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2021 സെപ്റ്റംബർ 3 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മാർച്ച് മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം..എസ്.സി മാത്തമാറ്റിക്സ്, ബോട്ടണി, മൈക്രോബയോളജി, ബയോടെക്നോളജി, എം.എ മ്യൂസിക് , എം.എ മ്യൂസിക് (വീണ, വയലിൻ, മൃദംഗം), എം.എ ഡാൻസ് (കേരള നടനം) എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2021 സെപ്റ്റംബർ 7. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവ്വകലാശാല നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ( 2013 സ്കീം) ഒക്ടോബർ 2020 പരീക്ഷയുടെ സിവിൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം - പ്രൊഡക്ഷൻ എൻജിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം - ഓട്ടോമൊബൈൽ എൻജിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം - ഇൻഡസ്ട്രിയൽ എൻജിനീയറിംഗ്, ബയോടെക്നോളജി ആൻഡ് ബയോ കെമിക്കൽ എൻജിനീയറിംഗ്, എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ്,ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, (കെമിക്കൽ എൻജിനീയറിംഗ് ബ്രാഞ്ച് ഒഴികെ) ബ്രാഞ്ചുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം ആഗസ്റ്റ് 27 വരെ അപേക്ഷിക്കുക.വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം,**
**16.08.2021.**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**